പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2615 — 19-12-2012 - ൽ മറുപടിയ്ക്ക്

## റിവർ മാനേജ്മെന്റ് അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദീസംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(സി) ആയതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ? | (എ), (ബി) & (സി)<br><br>സംസ്ഥാനത്തെ നദീസംരക്ഷണത്തിനായി സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റി രൂപീകരിക്കാനാണുദ്ദേശിക്കുന്നത്.<br><br>2003-ലെ 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്' ഭേദഗതി ചെയ്യുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത ബില്ലിന്റെ 10-ാം വകുപ്പ് 7C ഉപവകുപ്പിൽ (sub clause 7C of clause 10) നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് നിയമപ്രാബല്യം കൈവരുന്നതോടുകൂടി 'സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്‌ലാൻഡ് അതോറിറ്റി' രൂപീകരിക്കാനാവും. |

(.......2.)

നദീതട ബോഡിന്റെയും തണ്ണീർത്തട വികസന ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, തണ്ണീർത്തടങ്ങളുടെയും നദീതടങ്ങളുടെയും വികസനത്തിന് പ്രാമുഖ്യം നല്കുന്ന പദ്ധതികളുടെ നടത്തിപ്പ് ഉറപ്പുവരുത്തുക, പരിസ്ഥിതി ആഘാത നിർണ്ണയ പഠനം, ബെനഫിറ്റ് കോസ്റ്റ് അനാലിസിസ് എന്നിവ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, ഇതര പ്രകൃതിദത്ത ജലസ്രോതസുകൾ എന്നിവയെ സംരക്ഷിക്കുകയും അവയിലെ ജലസമ്പത്ത് സംസ്ഥാനത്തിനകത്ത് ഫലപ്രദമായ രീതിയിൽ നിയന്ത്രിച്ച് ഉപയോഗിക്കുക, തണ്ണീർത്തടത്തെ വിവിധ മേഖലകളാക്കി തരംതിരിച്ച് ആ പ്രദേശത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക, ജലവിഭവങ്ങളുടെ സുസ്ഥിര വികാസത്തിനും ആവാസവ്യവസ്ഥയുടെ പ്രത്യേകിച്ച് ജല ആവാസവ്യവസ്ഥയുടെ ശാസ്ത്രീയ പുനഃരുജ്ജീവനത്തിനും ഉതകുന്ന നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുക, ജലവിഭവത്തെ ദോഷകരമായ രീതിയിൽ ബാധിക്കുന്ന വിധത്തിലുള്ള പ്രകൃതിവിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, നീരൊഴുക്കിനും ആകൃതിക്കും വ്യത്യാസം വരാതെ നോക്കുകയും നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ശുപാർശകൾ ഗവൺമെന്റിന് നല്കുക, വൃഷ്ടിപ്രദേശങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുക, ജലമലിനീകരണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക, ജലസംബന്ധമായ കെടുതികൾ തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക, ജലവുമായി ബന്ധപ്പെട്ട അന്തർസംസ്ഥാന പ്രശ്നങ്ങളും തർക്കങ്ങളും മറ്റ്

(. . . . . . .3.)

നയകാര്യങ്ങളും സംബന്ധിച്ച് ഗവൺമെന്റിന് റിപ്പോർട്ടുകൾ നല്കുക, നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി നദീതട ബോർഡിനും തണ്ണീർത്തട വികസന ബോർഡിനും ഫണ്ട് വിതരണം ചെയ്യുകയും ഭരണപരമായി മേൽനോട്ടം നടത്തുകയും ചെയ്യുക, പൊതുജന അവബോധം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും യഥാർത്ഥ ഉപഭോക്താക്കൾ പങ്കാളികളാണെന്നും ഉറപ്പുവരുത്തുക, തണ്ണീർത്തടങ്ങളുടെയും നദീതടങ്ങളുടെയും സംരക്ഷണവും വികസനവും ഉറപ്പാക്കുന്ന തരത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ ആവശ്യമായ സമയത്ത് ഏറ്റെടുക്കുക, കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് കാര്യങ്ങൾ നോക്കി നടത്തുക. തുടങ്ങിയവയാണ് പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

**സെക്ഷൻ ഓഫീസർ.**